LIBRARY ARCHIVES Kerala Legislative Assembly

ബി.എസ്.എസ്. പ്രോഗ്രാം അസിസ്റ്റന്റുമാർ നൽകിയ പരാതി

58 (4493) ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ മുൻപാകെ കോട്ടയം ഭാരത് സേവക് സമാജ് സ്വയംസഹായ സംഘം പ്രോഗ്രാം അസിസ്റ്റന്റുമാർ നൽകിയ പരാതി സംബന്ധിച്ച അന്വേഷണം ഏതു ഘട്ടത്തിലാണ് ; വിശദാംശം വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത സംഘം എത്രരൂപയുടെ വെട്ടിപ്പ് നടത്തിയിട്ടുള്ളതായി മുഖ്യമന്ത്രിക്കും വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയ്ക്കും പരാതി കിട്ടിയിട്ടുണ്ട് ; ഇതു സംബന്ധിച്ച അന്വേഷണം ഏതുവരെയായി ; വിശദാംശങ്ങൾ അടങ്ങിയ സ്റ്റേറ്റ്മെന്റ് ലഭ്യമാക്കുമോ ;

(സി) ഇവർ എത്ര രൂപ കേന്ദ്ര സംസ്ഥാന ഗവൺമെന്റുകളിൽ നിന്നും അവിഹിതമാർഗ്ഗങ്ങൾവഴി കൈക്കലാക്കി എന്നു വ്യക്തമാക്കുമോ ;

(ഡി) ഇവർ ജനങ്ങളെയും കേന്ദ്ര സംസ്ഥാന സർക്കാരുകളെയും വഞ്ചിച്ചും കബളിപ്പിച്ചും എത്ര രൂപ കൈക്കലാക്കിയിട്ടുണ്ട് ;

(ഇ) ഇതു സംബന്ധിച്ച് കോട്ടയം ഈസ്റ്റ് പോലീസ് സബ് ഇൻസ്പെക്ടർ എന്ത് നടപടി സ്വീകരിച്ചു ; ഏത് വകുപ്പുകൾ പ്രകാരം കേസ് എടുത്തിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ ;

(എഫ്) പ്രസ്തുത ബി.എസ്.എസ്. സംസ്ഥാന ജനറൽ സെക്രട്ടറി ബാലചന്ദ്രനെ ജോലി തട്ടിപ്പു നടത്തിയതിന് ഉദ്യോഗാർത്ഥികൾ തടഞ്ഞുവച്ചത് സംബന്ധിച്ച കേസ് ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ ;

(ജി) പ്രസ്തുത വ്യക്തിയുടെ നേതൃത്വത്തിലെ ജൻശിക്ഷൻ സൻസ്ഥാനിലെ അഴിമതി സംബന്ധിച്ച് അന്വേഷണം നടത്തിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ;

(എച്ച്) ശ്രീ. ബാലചന്ദ്രന്റെ കീഴിൽ ഏതെല്ലാം സ്ഥാപനങ്ങളിൽ എത്ര രൂപയുടെ അഴിമതി സംബന്ധിച്ച് എന്തെല്ലാം തരത്തിലുള്ള അന്വേഷണങ്ങൾ ഗവൺമെന്റ് നടത്തുന്നു എന്നും ആരെല്ലാം ഇത് സംബന്ധിച്ച് സർക്കാരിന് പരാതി നൽകിയിട്ടുണ്ട് എന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ-എച്ച്) സർക്കാരിൽ ലഭിച്ച പരാതിയിൻമേൽ വിജിലൻസ് അന്വേഷണം നടത്താൻ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. അന്വേഷണ റിപ്പോർട്ട് ലഭിച്ചതിനുശേഷമേ തുടർനടപടികൾ സ്വീകരിക്കുവാൻ കഴിയൂ.